**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 28          10.12.2012-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തിൽ നിന്നും നേടിയെടുക്കുന്നതിനുള്ള നടപടികൾ**

| | **ചോദ്യം**<br><br>ശ്രീ. എം.എ. ബേബി<br>ശ്രീ. ബി. സത്യൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. സി. കൃഷ്ണൻ | **ഉത്തരം**<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ പൊതുവായ ആവശ്യങ്ങൾ കേന്ദ്രസർക്കാരിൽ നിന്നും നേടിയെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ; ഇവ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ : | (എ) & (ബി)<br><br>സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിൽനിന്നും നേടിയെടുക്കുന്നതിനായി ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാർതലത്തിൽ നടന്നുവരുന്നത്. സംസ്ഥാനത്തുനിന്നുള്ള കേന്ദ്ര മന്ത്രിമാരുടേയും എം.പി.മാരുടെയും പ്രത്യേക ശ്രമങ്ങളും ഇക്കാര്യത്തിൽ ഉണ്ട്. സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പാർലമെൻറിന്റെ ഓരോ സമ്മേളനത്തിനും മുന്നോടിയായി സംസ്ഥാനത്തിലെ എം.പി.മാരുടെ യോഗം സർക്കാർ വിളിച്ചുചേർക്കാറുണ്ട്. തീരുമാനമാകാത്ത വിഷയങ്ങളിൽ തുടർനടപടികൾ ത്വരിതപ്പെടുത്താൻ കേരളഹൗസിലെ റസിഡന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാത്രവുമല്ല, മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും അടങ്ങുന്ന സംഘം കേന്ദ്ര സർക്കാരിൽ നിന്നും വിവിധ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി പല തവണ ഡൽഹി സന്ദർശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നിരന്തര ശ്രമത്തിലൂടെ സംസ്ഥാനത്തിന്റെ നിരവധി വികസന സംരംഭങ്ങൾക്ക് അനുമതി നേടാനും, പ്രവർത്തനം തുടങ്ങാനും ആയിട്ടുണ്ട്.<br>ഇതിന് സംസ്ഥാനത്ത് നിന്നുള്ള കേന്ദ്ര മന്ത്രിമാരുടെ സജീവമായ സഹകരണം ഉണ്ടായിട്ടുണ്ട്.<br>സംസ്ഥാനത്ത് നിന്നുള്ള കേന്ദ്രമന്ത്രിമാർ കൈകാര്യം ചെയ്യുന്ന വകുപ്പുകളിൽ നിന്ന് ലഭിക്കേണ്ട സഹായം സംബന്ധിച്ചവ ക്രോഡീകരിച്ചിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് നിന്നുള്ള കേന്ദ്ര മന്ത്രിമാരുടെ പ്രത്യേക ശ്രമങ്ങൾ ഇക്കാര്യത്തിലുണ്ടാകുന്നുണ്ടോ : സംസ്ഥാനത്തു നിന്നുള്ള കേന്ദ്രമന്ത്രിമാർ കൈകാര്യം ചെയ്യുന്ന വകുപ്പുകളിൽ നിന്നും നേടിയെടുക്കേണ്ടതായ ആവശ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ; | |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പാർല മെന്റിന്റെ ശീതകാല സമ്മേളനത്തിന്റെ മുന്നോടിയായി സംസ്ഥാന സർക്കാർ വിളിച്ചു ചേർത്ത എം.പി. മാരുടെ യോഗത്തിൽ സംസ്ഥാനത്തുനിന്നുള്ള എത്ര കേന്ദ്രമന്ത്രിമാർ പങ്കെടുക്കുക യുണ്ടായി ; യോഗത്തിൽ അവത രിപ്പിച്ച വിഷയങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ? | (സി) | പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി സംസ്ഥാന സർക്കാർ വിളിച്ചുചേർത്ത എം.പി.മാരുടെ യോഗ ത്തിൽ സംസ്ഥാനത്തുനിന്നുളള കേന്ദ്ര മന്ത്രിമാരിൽ ശ്രീ. ഇ. അഹമ്മദ് പങ്കെടുത്തു. റെയിൽവെ സംബന്ധിച്ച കാര്യങ്ങൾ, എയർ ഇൻഡ്യ, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്, ടൂറിസം, ചാലയിലെ ടാങ്കർ ലോറി അപകട നഷ്ടപരിഹാരം, വന്യജീവി ആക്രമണങ്ങൾ, കൊപ്ര സംഭരണം/പച്ചത്തേങ്ങ സംഭരണം, മലയാളത്തിന് ക്ളാസിക്കൽ പദവി, വൈദ്യുതി സംബന്ധിച്ച കാര്യങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് പ്രധാനമായും ഇത്തവണത്തെ യോഗത്തിൽ അവതരി പ്പിച്ചത്. |

**സെക്ഷൻ ഓഫീസർ**